5. കാരാകുറിശ്ശി, തച്ചമ്പാറ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.
6. കടമ്പഴിപ്പുറം I & II വില്ലേജുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.

ഈ പദ്ധതികളുടെ സാമ്പത്തിക പുരോഗതി, എൽ. ഐ. സി. വായ്പ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അനുബന്ധം 'എ'†-യിലും പദ്ധതികളുടെ ഭൗതിക അവസ്ഥ അനുബന്ധം 'ബി'† യിലും നിർമ്മാണ പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം 'സി'† യിലും ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആറാട്ടുപുഴ-ഐക്കാട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ

68 [2539] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ആറൻമുള പഞ്ചായത്തിൽ ആറാട്ടുപുഴ-ഐക്കാട് II ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ 100 മീറ്റർ ഭാഗം 15-12-04-ൽ ആരാണ് ഇടിച്ച് നിരത്തിയത്;

(ബി) ഇത് സംബന്ധിച്ച് മൈനർ ഇറിഗേഷൻ ആറൻമുള സബ്ഡിവിഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിക്കും വകുപ്പു മന്ത്രിക്കും ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇടിച്ചു നിരത്തിയ ഇറിഗേഷൻ കനാൽ പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. കെ. സി. ഈപ്പൻ കുളഞ്ഞിക്കൊമ്പിൽ, ആറാട്ടുപുഴ എന്നയാളാണ് ഐക്കാട് II എൽ. ഐ. പദ്ധതിയുടെ കനാലിന്റെ ഭാഗം ഇടിച്ചു നിരത്തിയത്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) 1-3-2005-ൽ വകുപ്പുമന്ത്രിക്ക് ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഇടിച്ചു നിരത്തിയ കനാൽ ഭാഗം, ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന പ്രകാരം പുനഃസ്ഥാപിക്കണമെന്നും അല്ലാത്ത പക്ഷം നിയമനടപടി സ്വീകരിക്കുമെന്നും കാണിച്ച് ശ്രീ. കെ. സി. ഈപ്പന് ചീഫ് എഞ്ചിനീയർ രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ട്. ആറൻമുള പോലീസ് സ്റ്റേഷനിൽ ഇത് സംബന്ധിച്ച പരാതി നിലവിലുണ്ട്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.